I.T

# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 451      01-07-2013-ലെ മറുപടിയ്ക്ക്

## അഴിമതികൾ തടയാൻ സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. എ എം ആരിഫ്<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
| (എ) | അഴിമതികൾ സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ ആഫീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ; | (എ) | പ്രഖ്യാപിച്ചിരുന്നു |
| (ബി) | എങ്കിൽ ഇതിനായി ഏർപ്പെടുത്തപ്പെട്ട സംവിധാനം വഴി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം അഴിമതികൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി; | (ബി) | ചീഫ് വിജിലൻസ് കമ്മിഷന്റെ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി മാതൃകയിൽ ഒരു സംവിധാനം സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (സി) | ഏതെല്ലാം അഴിമതിക്കുള്ള നീക്കങ്ങൾ തടയുവാൻ സാധ്യമായിട്ടുണ്ട്; | (സി) | |
| ഡി) | ഇതിനായുള്ള സംവിധാനത്തിൽ നിയോഗിക്കപ്പെട്ട ആർക്കെങ്കിലും എതിരെ അഴിമതി ആക്ഷേപം ഉണ്ടായിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നും എത്ര പേരെ ഇതിനകം ഒഴിവാക്കേണ്ടതായി വന്നു എന്നും ഇവർക്കെതിരെയുള്ള ആക്ഷേപങ്ങൾ എന്തായിരുന്നു എന്നും അറിയിക്കുമോ ; | ഡി) | |
| ഇ) | മുഖ്യമന്ത്രിയുടെ ആഫീസിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച് വിദഗ്ദ്ധരിൽ നിന്ന് വാങ്ങിയ റിപ്പോർട്ടിന്മേൽമേൽ സ്വീകരിച്ച നടപടി എന്താണ് എന്ന് അറിയിക്കുമോ? | ഇ) | 6/9/2011 ലെ G.O.(MS)No. 25/11/Vig. പ്രകാരം സ്റ്റേറ്റ് വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി രൂപീകരി-ക്കുന്നതിന് ശ്രീ. എം. മോഹൻകുമാർ ഐ.എ.എസ് (റിട്ട. ചീഫ് സെക്രട്ടറി), ശ്രീ. ഹോർമിസ് തരകൻ. ഐ. പി. എസ്. (റിട്ട.) ശ്രീ. സാമുവൽ പോൾ. |

ശ്രീ. റ്റി. ആർ. രഘുനന്ദൻ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കു-കയുണ്ടായി. തുടർന്ന് 4/11/2011ലെ G.O.(MS)No.31/ 11/Vig ഉത്തരവ് പ്രകാരം ശ്രീ. എം. മോഹൻ കുമാറിനെ കമ്മിറ്റിയുടെ ചെയർ-മാനായും ശ്രീ. ദിനേശ് ശർമ്മ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെ കൺവീനറായും ചുമതലപ്പെടുത്തി ഉത്തരവായി. മൂന്നു മാസത്തിനുള്ളിൽ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി സംബന്ധിച്ച ശുപാർശകൾ സർക്കാരിന് സമർപ്പി-ക്കുന്നതിനും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി.

21.07.2012 -ൽ കമ്മറ്റി റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി പരിശോധിച്ചും വരുന്നു.

സെക്ഷൻ ഓഫീസർ